"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പതിനാലാം പഞ്ചവൽസര പദ്ധതി - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2022-23 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.468/2023/LSGD തീയതി,തിരുവനന്തപുരം, 23-02-2023

---

പരാമർശം:-
1. സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ)നം.86/2022/ തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ)നം.115/2022/ തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(സാധാ)നം.2839/2022/ധന; തീയതി 08.04.2022
5. സ.ഉ.(സാധാ)നം.2862/2022/ധന; തീയതി 08.04.2022
6. സ.ഉ.(സാധാ)നം. 6267/2022 /ധന; തീയതി 05.09.2022
7. സ.ഉ.(സാധാ)നം. 2578/2022 /തസ്വഭവ; തീയതി 22.10.2022
8. സ.ഉ.(സാധാ)നം. 6872/2022 /ധന; തീയതി 12.11.2022
9. സ.ഉ.(സാധാ)നം.8253/2022/ധന; തീയതി 05.12.2022
10. സ.ഉ.(സാധാ)നം.1049/2023/ധന; തീയതി 13.02.2023

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2022-23 വാർഷിക പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ പ്രതിപാദിക്കുന്ന ഭേദഗതികൾ പദ്ധതിയിൽ വരുത്തുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു.

i. ലൈഫ് മിഷൻ പ്രോജക്ടുകൾ ഉൾപ്പെടെ കൂടുതൽ തുക ആവശ്യമായ പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുക.
ii. മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂട്ടിച്ചേർത്ത് സംയുക്ത പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുക.
iii. കേന്ദ്ര/സംസ്ഥാന പദ്ധതി പ്രകാരം വിഹിതം ലഭിച്ചിട്ടുണ്ടെങ്കിൽ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുക (ആവശ്യമുണ്ടെങ്കിൽ തദ്ദേശഭരണ സ്ഥാപന വിഹിതം കൂടി വകയിരുത്തുക)
iv. അടിയന്തിരമായി ഏറ്റെടുക്കേണ്ട പുതിയ പ്രോജക്ടുകൾ ഉണ്ടെങ്കിൽ അവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക
v. ജില്ലാ ആസൂത്രണസമിതിയോ വെറ്റിംഗ് ഓഫീസറോ നിർദ്ദേശിച്ചതിന് അനുസൃതമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പരിഷ്കരിക്കുക.

vi. കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ നിർവ്വഹണ യോഗ്യമാക്കേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ പരിഷ്ക്കരിക്കുക.

vii. ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ ആയുഷ് ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങളായി മാറ്റുക എന്ന ലക്ഷ്യത്തോടെ നാഷണൽ ആയുഷ് മിഷൻ അനുവദിച്ചിട്ടുള്ള ഫണ്ട് വകയിരുത്തി ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക (240 ആയുർവേദ/ഹോമിയോ ആശുപത്രികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും പട്ടികയും ഈ തുക ഉപയോഗിച്ച് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും ആയുഷ് മിഷൻ ഡയറക്ടറുടെ 07.05.2022-ലെ NAM/ADMIN/1143/2019/SPMSU, 26.11.2022-ലെ NAM/ADMIN/1143/2019/SPMSU) എന്നീ നമ്പരുകളിലുള്ള ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്).

viii. പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുള്ള പൊതു പ്രോജക്ടുകളിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകൾ ഒഴിവാക്കി പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ ആ തുക നിലവിലുള്ള പ്രോജക്ടുകളുടെ അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനായി ഉപയോഗിക്കുകയോ ചെയ്യുക. (ഇത്തരത്തിൽ ഒഴിവാക്കുന്ന പ്രോജക്ടുകൾ ഫീസിബിൾ അല്ലായെന്ന് ബന്ധപ്പെട്ട പട്ടികജാതി വികസന വകുപ്പ്/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം.)

ix. ടെണ്ടർ സേവിംഗ്സ്, മതിയായ ഗുണഭോക്താക്കൾ ഇല്ലാതിരിക്കുക തുടങ്ങിയ കാരണങ്ങളാൽ മിച്ചം തുക ലഭ്യമാണെങ്കിൽ ആ തുക, കൂടുതൽ വിഹിതം ആവശ്യമായ മറ്റ് പ്രോജക്ടുകൾക്ക് ലഭ്യമാക്കുക (സേവിംഗ്സ് ലഭ്യമായ പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്).

x. വെറ്റിംഗ് ഓഫീസറുടെ അനുമതി ലഭിക്കാതിരിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ മറ്റേതെങ്കിലും കാരണത്താൽ നിർവ്വഹണം തുടങ്ങാൻ കഴിയാത്തതോ ആയ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കുക.

xi. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും പ്രോജക്ട് എം.പിയുടെ പ്രാദേശിക വികസന പരിപാടി, എം.എൽ.എ യുടെ പ്രത്യേക വികസന ഫണ്ട് എന്നിവ ഉൾപ്പെടെയുള്ള കേന്ദ്ര/സംസ്ഥാന പദ്ധതികൾ പ്രകാരം വകുപ്പുകളോ ഏജൻസികളോ നടപ്പാക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കുക.

xii. ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചതും മാർഗരേഖ/സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കുക.

2. പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാനും നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കാനും നിർബന്ധിതമാകുന്ന സന്ദർഭങ്ങളിൽ ക്രമനമ്പർ 9 മുതൽ 12 വരെ പ്രതിപാദിച്ചിട്ടുള്ള കാരണങ്ങളാൽ ലഭ്യമാകുന്ന തുക ഉപയോഗിക്കേണ്ടതാണ്. ഇത്തരത്തിൽ വിഹിതം ലഭ്യമാകുന്നില്ലെങ്കിൽ മാത്രമേ നിലവിലുള്ള പ്രോജക്ടുകൾ ഉപേക്ഷിച്ച് വിഹിതം കണ്ടെത്താൻ പാടുള്ളൂ. താരതമ്യേന മുൻഗണന കുറഞ്ഞ പ്രോജക്ട്/പ്രോജക്ടുകൾ ആയിരിക്കണം ഉപേക്ഷിക്കേണ്ടത്.

3. പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ച മാർഗരേഖകളുടെ 5.1(11), 6.8(12) എന്നീ ഖണ്ഡികകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും മെയിന്റനൻസ് ഫണ്ടിൽ നിന്നും അടിയന്തിര പ്രോജക്ടുകൾക്കായി പ്രത്യേകം മാറ്റി വച്ച തുകയിൽ നിന്നും ഇതുവരെ ഉപയോഗിക്കാൻ കഴിയാത്ത തുക വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ ഈ ഭേദഗതിക്കൊപ്പം നിർബന്ധമായും വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

4. പരാമർശം 4, 5, 6, 8, 9, 10 എന്നീ ഉത്തരവുകൾ പ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത (deduction at source) തുക വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുമുള്ള ക്രമീകരണം (ജി.ഒ. പ്രോജക്ട് ക്രമീകരണം) സുലേഖ/സാംഖ്യ സോഫ്റ്റ് വെയറുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ സൗകര്യം ഉപയോഗിച്ച് വാർഷിക പദ്ധതിയിൽ അതിനുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തി ചെലവ് തുക നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. ലഭ്യമായ തുകയ്ക്കുള്ളിൽ (വാലിഡേഷനുള്ളിൽ) നിന്നും തുക കണ്ടെത്തി പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന് ശ്രമിക്കണം. അതിന് കഴിയുന്നില്ലെങ്കിൽ മാത്രം വാലിഡേഷന് പുറത്ത് പ്രോജക്ടുകൾ ഉൾപ്പെടുത്തി ചെലവ് രേഖപ്പെടുത്താവുന്നതാണ്. വിവിധ ആവശ്യങ്ങൾക്ക് കുറവ് ചെയ്തിട്ടുള്ള തുക പ്രത്യേക പ്രോജക്ടുകളായി ഉൾപ്പെടുത്തണം. ഇപ്രകാരം ഉൾപ്പെടുത്തുന്ന ഒരു പ്രോജക്ടിന്റെ വിഹിതം ഒന്നുകിൽ പൂർണ്ണമായി വാലിഡേഷനുള്ളിൽ കൊണ്ടുവരണം; അല്ലെങ്കിൽ വാലിഡേഷന് പുറത്ത് നിർത്തണം. ഭാഗികമായി വാലിഡേഷനുള്ളിൽ കൊണ്ടുവരാൻ കഴിയുന്നതല്ല. (ഉദാ: ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവിന് പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 5.00 ലക്ഷം രൂപ കുറവ് ചെയ്തിട്ടുണ്ടെങ്കിൽ അത് ഒറ്റ പ്രോജക്ടായി ഒന്നുകിൽ വാലിഡേഷന് ഉള്ളിലോ അല്ലെങ്കിൽ വാലിഡേഷന് പുറത്തോ ഉൾപ്പെടുത്തണം). സ്രോതസ്സിൽ കുറവ് ചെയ്ത ആവശ്യങ്ങൾക്ക് വിഹിതം നൽകുന്നതിനുള്ള പ്രോജക്ട് നേരത്തെ തന്നെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ പ്രോജക്ട് ഉപേക്ഷിക്കേണ്ടതും സ്രോതസ്സിൽ കുറവ് ചെയ്ത തുകയ്ക്ക് അനുസൃതമായി പുതിയ പ്രോജക്ട് (ജി.ഒ. പ്രോജക്ട്) ഉൾപ്പെടുത്തി ചെലവ് രേഖപ്പെടുത്തേണ്ടതുമാണ്.

5. പരിഷ്കരിച്ച വാർഷിക പദ്ധതി **2023 മാർച്ച്** 4-നകം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടതാണ്.

6. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നുണ്ടെങ്കിൽ ഇ-ഗ്രാംസ്വരാജ് പോർട്ടലിലും അതേ ഭേദഗതികൾ വരുത്തേണ്ടതാണ്.

7. ഈ ഉത്തരവ് പ്രകാരം ഏറ്റെടുക്കുന്ന പുതിയ പ്രോജക്ടുകളുടെയും ഉപേക്ഷിക്കുന്ന പ്രോജക്ടുകളുടെയും പട്ടിക ഏറ്റവും ആദ്യം കൂടുന്ന ഗ്രാമ/വാർഡ്സഭാ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും

6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, റൂറൽ
9. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, അർബൻ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
18. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
19. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sureshkumar K
Date:23-02-2023 15:38:13

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്